**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3186** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികളുടെ സൗകര്യങ്ങളും സുരക്ഷയും വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ വിശദമാക്കാമോ; | (എ) | കേരളം സന്ദർശിക്കുന്ന വിദേശ സ്വദേശ വിനോദ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ടൂറിസം വികസനം ഏകോപിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമഗ്രമായ ഡിസൈൻ നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. ഡിസൈൻ നയത്തിന് അനുസൃതമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതോടൊപ്പം നൂതന വികസന പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. ബീച്ചുകളുടെ നവീകരണം, ഡെസ്റ്റിനേഷൻ ചലഞ്ച്, ഡെസ്റ്റിനേഷൻ വെഡിംഗ് കേന്ദ്രങ്ങൾ, സിനി ടൂറിസം കേന്ദ്രങ്ങൾ , പാലങ്ങളുടെ സൗന്ദര്യ വൽക്കരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. ഫുഡ് സ്ട്രീറ്റുകളുടെ നിർമ്മാണം, ടൂറിസം കോറിഡോർ വികസനം, ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. കാരവൻ ടൂറിസം, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. സീപ്ലെയിൻ പരീക്ഷണപറക്കലും വിജയകരമാണ്.<br><br>ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് |

| | | | |
|---|---|---|---|
| | | | പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരിസ് പൈതൃകപദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി തുടങ്ങിയവയും വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. മലബാർ മേഖലയിലെ ജില്ലകളായ പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്സറാക്ക്, പൊന്നാനി, തൃത്താല, നിളാതീരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതി" എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.<br><br>ദക്ഷിണ കേരളത്തിൽ ആദ്യമായി പാരമ്പര്യ കൈത്തൊഴിലാളികൾക്കും തനതായ കലാരൂപ നിർമ്മാണ വൈദഗ്ധ്യങ്ങൾക്കും വേണ്ടുന്ന പ്രോത്സാഹനവും പ്രചരണവും നൽകുന്നതിനും ഇവയെല്ലാം ഒരു കലാഗ്രാമം വികസിപ്പിച്ച് അതിൽ ഏകോപിപ്പിക്കുന്നതിനും വേണ്ടി കേരളാ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് "ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ്, വെള്ളാർ."<br><br>കോഴിക്കോട് ജില്ലയിലെ ഇരിങ്ങലിൽ സ്ഥിതി ചെയ്യുന്ന ഒരു കലാ- കരകൗശല ഗ്രാമമാണ് സർഗ്ഗാലയ ആർട്ട് & ക്രാഫ്റ്റ് വില്ലേജ്. കേരളത്തിലെ പരമ്പരാഗത കലകളും കരകൗശല വസ്തുക്കളും പ്രോത്സഹിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള കണക്ടിവിറ്റിയുടെ കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ; | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള കണക്ടിവിറ്റിയുടെ കാര്യത്തിൽ ഉണ്ടായ പുരോഗതി ചുവടെ ചേർക്കുന്നു .<br><br>കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്നതോടൊപ്പം ഏറ്റവുംകുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കെത്തുന്നതിനും സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗ്ഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരുപദ്ധതിയാണ് ഹെലിടൂറിസംപദ്ധതി. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഹെലിടൂറിസം മുഖാന്തരം ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ കണക്ട് ചെയ്യുന്നതിന്റെ ഭാഗമായി ഹെലിടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമായ ഹെലിപാഡുകളും അനുബന്ധസൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെലിടൂറിസം പ്രോത്സാഹിപ്പിക്കുക എന്നതാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഒരു ഫെസിലിറ്റേറ്ററുടെ ഭാഗമാണ് സർക്കാർ ഇതിൽ നിർവ്വഹിക്കുന്നത് . ഇതിൽ വിവിധ ടൂറിസം കേന്ദ്രങ്ങളും നഗരങ്ങളും തെരഞ്ഞെടുത്ത് ഹെലികോപ്റ്റർസേവനം നൽകുന്നത് വിവിധ സ്വകാര്യ സേവനദാതാക്കളായിരിക്കും. അഷ്ടമുടി, ചാലക്കുടി, തേക്കടി, ജടായുപാറ, കോവളം, കുമരകം, മൂന്നാർ തുടങ്ങി ടൂറിസം കേന്ദ്രങ്ങളുമായി അടുത്തു നിൽക്കുന്ന പ്രവർത്തന സജ്ജമായ ഹെലിപാഡുകൾ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പരിഗണിച്ചുവരുന്നവയാണ്.<br><br>മുസിരിസ് പൈതൃക പദ്ധതിയിലെയും ആലപ്പുഴ പൈതൃക പദ്ധതിയിലെയും എല്ലാ സ്മാരകങ്ങളും പൊതുഇടങ്ങളും റോഡ് മാർഗവും/ജലമാർഗവും ബന്ധിപ്പിച്ചിട്ടുണ്ട്. 9- ഓളം റോഡുകളാണ് മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നവീകരിച്ചത്. ആലപ്പുഴയിലെ കനാലുകളും പൂർണ്ണമായും ഗതാഗതയോഗ്യമാക്കി വരികയാണ്. ക്രൂയിസ് ടൂറിസം പദ്ധതിയും കണക്റ്റിവിറ്റി വർദ്ധിക്കുവാൻ സഹായിക്കും. കൂടാതെ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന സീപ്ലെയിൻ പരീക്ഷണ പറക്കൽ പൂർത്തിയാക്കി കഴിഞ്ഞു. പശ്ചാത്തല വികസന രംഗത്ത് കൊച്ചി മെട്രോ, കൊച്ചി വാട്ടർ മെട്രോ പദ്ധതികളും ദേശീയപാത മലയോര ഹൈവേ, തീരദേശ പാത, കിഫ്ബി പദ്ധതിയിൽ നിർമ്മിച്ച റോഡുകൾ തുടങ്ങിയവയും കണക്റ്റിവിറ്റി വർദ്ധിക്കുവാൻ സഹായിച്ചു. |
| (സി) | സഞ്ചാരികളുടെ സുരക്ഷാക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിയ്ക്കുന്നത് തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി വരുകയാണ്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് |

| | | | |
|---|---|---|---|
| | | | അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചുവരുന്നു. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കി വരികയാണ്. |
| (ഡി) | വിനോദസഞ്ചാരികളുടെ താമസസൗകര്യങ്ങൾക്കായി എന്തെല്ലാമാണ് സർക്കാർ മുൻകൈ എടുത്ത് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ? | (ഡി) | കേരളത്തിൽ ടൂറിസം വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ KTDC ഹോസ്പിറ്റാലിറ്റി മേഖലയിൽ വലിയ മുന്നേറ്റം സാധ്യമാക്കിയിട്ടുണ്ട്. KTDC നേതൃത്വത്തിൽ ഇപ്പോൾ മുഴപ്പിലങ്ങാടി സ്റ്റാർ കോട്ടേജ് പദ്ധതി പുരോഗമിക്കുന്നു. BRDC ബേക്കൽ ഡെസ്റ്റിനേഷനിലെ ടൂറിസം ഹോസ്പിറ്റാലിറ്റി പദ്ധതികൾ ഏകോപിപ്പിക്കുന്നുണ്ട്. ബേക്കലിൽ കൂടുതൽ ഹോസ്പിറ്റാലിറ്റി പദ്ധതികൾ നടന്നു വരുന്നു. അതോടൊപ്പം KTIL ഉം സ്വകാര്യ പങ്കാളിത്തത്തോടെ ഹോസ്പിറ്റാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഗസ്റ്റ് ഹൗസുകളും പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ റസ്റ്റ് ഹൗസുകളും ഹോസ്പിറ്റാലിറ്റി മേഖലയിൽ സർക്കാർ ഏർപ്പെടുത്തിയ സൗകര്യങ്ങളാണ്. കേരളത്തിലെത്തുന്ന സ്വദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി നടപ്പിലാക്കുന്ന സംരംഭങ്ങളാണ് ഹോംസ്റ്റേയും, സർവ്വീസ്ഡ് വില്ലയും . പ്രസ്തുത യൂണിറ്റുകളുടെ സൗകര്യങ്ങൾ വിലയിരുത്തി വകുപ്പ് ക്ലാസിഫിക്കേഷൻ നൽകി വരുന്നു. സ്വകാര്യ സംരഭകരുമായി യോജിച്ച് കേരളത്തിൽ കൂടുതൽ ഹോസ്പിറ്റാലിറ്റി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വകുപ്പ് എല്ലാ പിന്തുണയും ഉറപ്പ് നൽകുന്നു. ടൂറിസം ഇവേസ്റ്റേഴ്സ് മീറ്റിൽ വാഗ്ദാനം ചെയ്ത സ്വകാര്യ മേഖലയിലെ ഹോസ്പിറ്റാലിറ്റി സംരഭങ്ങൾ യഥാർത്ഥ്യമാക്കുവാൻ വകുപ്പ് എല്ലാ പരിശ്രമങ്ങളും നടത്തുന്നുണ്ട് . ഇതിനു പുറമെ കെ-ഹോംസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം 2025-26 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ